**File No.TCPCTP/3254/2019-A6**

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
## തിരുവനന്തപുരം

നഗര - ഗ്രാമാസൂത്രണവകുപ്പ് - മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - ജീവനകാര്യം - ശ്രീ.ബന്നി.എം.പി.ഓഫിസ് അറ്റൻഡന്റ് / ചെയിൻമാൻ/ വാച്ചമാൻ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് (15 വർഷം) അനുവദിച്ച ഉത്തരവാകുന്നു.

---

എസ്റ്റാബ്ലിഷ് മെൻറ് സെക്ഷൻ

ഉത്തരവ് നം. *TCPCTP/3254/2019-A6* തീയതി *01/01/2020*

---

പരാമർശം-1) മുഖ്യനഗരാസൂത്രകന്റെ 25/11/2004 ലെ എ 5/7539/2001 നമ്പർ ഉത്തരവ്

2) മുഖ്യനഗരാസൂത്രകന്റെ 24/4/2006 ലെ എ 5/14475/05 നമ്പർ ഉത്തരവ്

3) അഡ്മിനിസ്ട്രേറ്റീവ് ഓഫിസറുടെ 06/02/2013 -ലെ എ 1/629/13 നമ്പർ ഉത്തരവ്

4) എറണാകുളം സീനിയർ ടൌൺ പ്ലാനറുടെ 19/12/2019-ലെ TCPEKM /2431/2019/നമ്പർ കത്ത്

5) ജി.ഒ.(പി) നം.7/2016/ധന തീയതി 20.01.2016

### ഉത്തരവ്

ശ്രീ.ബന്നി.എം.പി. പരാമർശം (1) പ്രകാരം ഈ വകുപ്പിൽ 13/12/2004 പൂർവ്വാഹ്നം ഓഫിസ് അറ്റൻഡന്റ് / ചെയിൻമാൻ/ വാച്ചമാൻ തസ്തികയിൽ എറണാകുളം മേഖലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. പരാമർശം (2) പ്രകാരം ടിയാൾ ടി തസ്തികയിലെ നിരീക്ഷണകാലം വിജയകരമായി പൂർത്തികരിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (3) പ്രകാരം ടിയാന് 13/12/2012 പൂർവ്വാഹ്നം മുതൽ 8 വർഷത്തെ സേവനത്തിന് ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച ഉത്തരവായിട്ടുണ്ട്. 12/12/2019 അപരാഹ്നത്തിൽ ടിയാൻ ടി തസ്തികയിൽ 15 വർഷത്തെ സേവനം പൂർത്തികരിച്ചിട്ടുണ്ട് . ഈ കാലയളവിൽ ടിയാൻ ഗ്രേഡിനെ ബാധിക്കുന്ന അവധികളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും ടിയാളുടെ പേരിൽ അച്ചടക്ക നടപടികളോ വിജലൻസ് കേസുകളോ നിലവിൽ ഇല്ലെന്നും പരാമർശം (4) പ്രകാരം എറണാകുളം മേഖലാ നഗരാസൂത്രകൻ റിപ്പോർട്ടു ചെയ്തിട്ടുണ്ട് . പരാമർശം (5)-ലെ സർക്കാർ ഉത്തരവിലെ Annexure III (2) ഖണ്ഡികയിലെ പട്ടിക 1 പ്രകാരം ടിയാൾക്ക് 13/12/2019 പൂർവ്വാഹ്നം മുതൽ 17500-39500/- രൂപ ശമ്പള സ്കെയിലിൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ എറണാകുളം മേഖലാ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ഓഫിസ് അറ്റൻഡന്റ് / ചെയിൻമാൻ/ വാച്ചമാൻ ആയ ശ്രീ.ബന്നി.എം.പി. -യ്ക്ക് 13/12/2019 പൂർവ്വാഹ്നം മുതൽ 15 വർഷത്തെ സേവനം പൂർത്തിയാക്കിയതിനാൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് 17500-39500/- രൂപ ശമ്പള സ്കെയിലിൽ അനുവദിച്ച ഉത്തരവാകുന്നു . പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ടിയാളുടെ ശമ്പള നിർണ്ണയം നടത്തേണ്ടതാണ്.

അസി.എ)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

1 ശ്രീ.ബന്നി.എം.പി ഓഫിസ് അറ്റൻഡന്റ് / ചെയിൻമാൻ/ വാച്ചമാൻ മേഖലാ നഗരാസൂത്രണ കാര്യാലയം, എറണാകുളം (മേലധികാരി മുഖേന)

File No.TCPCTP/3254/2019-A6

പകർപ്പ്-

1. സീനിയർ ടൌൺ പ്ലാനർ, മേഖലാ നഗരാസൂത്രണ കാര്യാലയം, എറണാകുളം
2. സേവന പുസ്തകം
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം